LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ച എല്ലാ പരാതികളും പരിഗണിച്ചിട്ടുണ്ട്.

(ബി) ഓൺലൈനായി 10822 പരാതികളും അന്നേ ദിവസം നേരിട്ട് 36340 അപേക്ഷകളും ചേർത്ത് ആകെ 47162 അപേക്ഷകൾ ലഭിച്ചിരുന്നു. ആയതിൽ 5683 എണ്ണം പൂർണ്ണമായി തീർപ്പാക്കുകയും മറ്റുള്ളവയിൽ നടപടി സ്വീകരിച്ചു വരികയുമാണ്. തീർപ്പാക്കിയവയുടെ വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു.*

(സി) നാളിതുവരെ 16479,500 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കൊല്ലം ജില്ലയിൽ ചെലവായ തുക വകുപ്പ് തിരിച്ച് അനുബന്ധം II ആയി ചേർക്കുന്നു.*

**പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും തസ്തിക മാറ്റം വഴി അസിസ്റ്റന്റായി നിയമനം**

20 (3507) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-7-1967-ലെ ജി. ഒ. (പി) 208 നമ്പർ ഉത്തരവിലെ റൂൾ 5A(a),(b) എന്നിവ 28-2-2011-ലെ ജി. ഒ. (പി) 65/2011/ജി:എ.ഡി. നമ്പർ ഉത്തരവിൽ ഒഴിവാക്കിയിട്ടുണ്ടോ ; ഇപ്പോൾ പഴയ റൂൾ പ്രകാരമാണോ പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനം നൽകുന്നത് ; വിശദമാക്കുമോ ;

(ബി) 28-2-2011-ലെ ജി. ഒ. (പി) 65/2011/ജി.എ.ഡി. നമ്പർ ഉത്തരവിനുശേഷം പൊതുഭരണവകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും തസ്തിക മാറ്റംവഴി അസിസ്റ്റന്റായി നിയമനം മാറുന്നതിന് അസിസ്റ്റന്റ് കേഡർ സ്ട്രെങ്ത്തിന്റെ 20 ശതമാനത്തിന്റെ മൂന്നിൽ രണ്ട് ഒഴിവുകളിലേക്കാണോ തസ്തികമാറ്റനിയമനം നൽകുന്നത് ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ;

(സി) 25-3-2006-നുശേഷം പൊതുഭരണ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാർക്ക് 17-3-2007-ലെ ജി.ഒ. (പി) 199/2007/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയാണ് ;

(ഡി) 24-3-2011 മുതൽ 31-12-2013 വരെ പൊതുഭരണ സെക്രട്ടേറിയറ്റിൽ പി.എസ്.സി. മുഖേനയല്ലാതെ അസിസ്റ്റന്റ് ജോലിയിൽ പ്രവേശിച്ചവരുടെ പേരും ജനനത്തീയതിയും നിയമനരീതിയും (തസ്തികമാറ്റം, സി.ഇ.എസ്., ഐ.ഡി.റ്റി., ഐ.ഡി.എം.റ്റി., സ്പോർട്സ് തുടങ്ങിയവ) ഉത്തരവ് തീയതിയും പ്രവേശനത്തീയതിയും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പൊതുഭരണ സർവ്വീസസ് (എ) വകുപ്പിന്റെ 59116/എസ്.എ1/2013/പൊ.ഭ.വ. നമ്പർ ഫയലിൻമേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(എഫ്) 13-1-2007 മുതൽ 31-12-2013 വരെ പൊതുഭരണ വകുപ്പ് മുഖേനയും ഐ.ഡി.റ്റി. മുഖേനയും ഐ.ഡി.എം.റ്റി. മുഖേനയും അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചവരുടെ പേരും ഉത്തരവ് നമ്പരും വേർതിരിച്ച് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) 5-7-1967-ലെ ജി.ഒ.(പി) 208 നമ്പരായി പ്രസിദ്ധീകരിച്ച കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ 28-2-2011-ലെ ജി.ഒ.(പി) നം. 65/11/പൊഭവ നമ്പർ ഉത്തരവു പ്രകാരം (എസ്.ആർ.ഒ.നമ്പർ 188/2011) വരുത്തിയ ഭേദഗതിയിലൂടെ, പ്രസ്തുത സ്പെഷ്യൽ റൂൾസിലെ 5 A (a), (b) എന്നീ ചട്ടങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. 25-3-2006-ലെ ജി.ഒ.(പി) നമ്പർ 145/06/ഫിൻ നം. ഉത്തരവ് സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് ഗ്രേഡ് II, അസിസ്റ്റന്റ് ഗ്രേഡ് I എന്നീ തസ്തികകൾ സംയോജിപ്പിച്ച് അസിസ്റ്റന്റ് എന്നാക്കിയതിനെ തുടർന്നാണിത്. ഇക്കാരണത്താൽ പൊതുഭരണ വകുപ്പിൽ 25-3-2006-ന് മുൻപും പിൻപും ജോലിയിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്/സി.എ. മാർക്ക് തസ്തികമാറ്റത്തിന് വ്യത്യസ്ത നിയമങ്ങളാണ്. അതനുസരിച്ച് 25-3-2006-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്/സി.എ. മാർക്ക് അസിസ്റ്റന്റിൽ ഒഴിവു വരുന്ന ഓരോ ആറാമത്തെ ഒഴിവിലും 1:1 എന്ന അനുപാതത്തിൽ അസിസ്റ്റന്റായി തസ്തികമാറ്റത്തിലൂടെ നിയമനം നൽകി വരുന്നു. എന്നാൽ 25-3-2006-നുശേഷം സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാർക്ക് തസ്തികമാറ്റം നൽകുന്നത് 17-3-2007-ലെ GO (P)/199/07/GAD നമ്പർ ഉത്തരവ് പ്രകാരമാണ്. ഈ ഉത്തരവനുസരിച്ച് അസിസ്റ്റന്റ് കേഡർ സ്ട്രെങ്ങ്തിന്റെ ഇരുപത് ശതമാനമാണ് സി.എ.മാരുടെയും ടൈപ്പിസ്റ്റുമാരുടെയും തസ്തികമാറ്റത്തിനായി നീക്കി വയ്ക്കേണ്ടത്. 25-3-2006-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാരിൽ ചിലർ തസ്തികമാറ്റത്തിലൂടെ അസിസ്റ്റന്റായി മാറാനുള്ളവരുടെ ലിസ്റ്റിൽ ഇപ്പോഴും ഉള്ളതിനാൽ ഈ വിഭാഗത്തിൽപ്പെട്ട വർക്ക് മുഴുവൻ നിയമനം നൽകിയശേഷമേ 25-3-2006-നന് ശേഷം സർവ്വീസിൽ വന്നവർക്ക് നിയമനം നൽകാൻ കഴിയൂ. മേൽ പ്രസ്താവിച്ച ഉത്തരവ് പ്രകാരം ഏകദേശം 75 അസിസ്റ്റന്റ് തസ്തികകൾ 2:1 എന്ന അനുപാതത്തിൽ ടൈപ്പിസ്റ്റുമാർക്കും സി.എ. മാർക്കുമായി നീക്കിവയ്ക്കേണ്ടിവരും.

(ഡി) അനുബന്ധം 1 (a), (b) എന്നിവ ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഇ) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No1986/13-ലെ ഉത്തരവാണ് 59116/SA1/13/GAD നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നത്. ട്രൈബ്യൂണൽ നിർദ്ദേശമനുസരിച്ച് പരാതിക്കാരെ സർക്കാർ 7-12-2013 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. ഇതിന്മേലുള്ള തീരുമാനം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ കൈക്കൊള്ളുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പൊതുഭരണ വകുപ്പു മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നില്ല. ഐ.ഡി.റ്റി., ഐ.ഡി.എം.റ്റി. മുഖേന ജോലിയിൽ പ്രവേശിച്ചവരുടെ ലിസ്റ്റ് അനുബന്ധം II (a), (b) ആയി ചേർത്തിരിക്കുന്നു.*

**ആശ്രിത നിയമനം സംബന്ധിച്ച കണക്കുകൾ**

**21 (3508)** ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം 2011 മുതൽ 2013 വരെ സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം വകുപ്പുകളിലും മറ്റു സർക്കാർ വകുപ്പുകളിലും ഏതെല്ലാം തസ്തികകളിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആശ്രിത നിയമനം നടത്തിയിട്ടുണ്ട് ; വിശദമാക്കാമോ ; ആശ്രിത നിയമനം ലഭിച്ചവരുടെ ശതമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) സെക്രട്ടേറിയറ്റിൽ ആശ്രിത നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ശതമാനം എത്ര ; സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ശതമാനം എത്ര ; സെക്രട്ടേറിയറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ശതമാനം എത്ര ;

(സി) സൂപ്പർന്യൂമററി തസ്തികയിൽ ആശ്രിത നിയമനം ലഭിച്ചവരുടെ സർവ്വീസ് റെഗുലറൈസേഷൻ നടപടി ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയിൽ സൂപ്പർന്യൂമററി യായി സെക്രട്ടേറിയറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചാണോ ; വ്യക്തമാക്കാമോ ;

(ഇ) അഡ്വക്കേറ്റ് ജനറൽ, എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, ലോക്കൽ ഫണ്ട് ആഡിറ്റ്, പി.എസ്.സി. എന്നീ ഓഫീസുകളിൽ 2011, 2012, 2013 വർഷങ്ങളിൽ സൂപ്പർന്യൂമററിയായി എത്ര ആശ്രിത നിയമനങ്ങൾ നടന്നിട്ടുണ്ട് ; വർഷവും വകുപ്പും തിരിച്ച് കണക്ക് വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 മുതൽ 2013 വരെ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റന്റ്, ലോക്കൽ ഫണ്ട് ആഡിറ്റർ, ലോവർ ഡിവിഷൻ ക്ലാർക്ക്, ഡ്രൈവർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ തസ്തികകളിലായി സ.ഉ.(എംഎസ്.) 174/12/പൊ.ഭ.വ. തീയതി 6-7-2012, സ.ഉ.(എംഎസ്.) 249/13/ പൊ.ഭ.വ. തീയതി 2-9-2013 എന്നീ ഉത്തരവുകൾ മുഖേന 905 സൂപ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly